ഡന്റിനും നീക്കിവച്ച് ബാക്കി തുക സഹകരണചട്ടം 56(2)(സി) അനുസരിച്ച്, ബൈലോ അനുസരിച്ച് രൂപീകരിച്ച ഫണ്ടുകളിലേക്ക് നീക്കി വയ്ക്കാവുന്നതാണ്. അതനുസരിച്ച് രൂപീകരിച്ച് പൊതുനന്മ ഫണ്ടിൽ നിന്നും തുക നൽകാനാണ് അനുമതി നൽകിയത്. ഇതിൽ അന്തിമ തീരുമാനം എടുക്കേണ്ടത് അതാതു സംഘങ്ങളുടെ ഭരണ സമിതിയാണ്. പൊതുനന്മ ഫണ്ട് അറ്റാദായത്തിൽ നിന്ന് രൂപീകരിച്ചതുകൊണ്ടും പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ടിലേക്ക് ചാർജ്ജ് ചെയ്യാത്തതുകൊണ്ടും സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കില്ല. ഈ സാഹചര്യത്തിൽ സർക്കുലർ നിർദ്ദേശം നിയമത്തിന് വിധേയമാണെന്ന് നബാർഡിനെ അറിയിക്കുകയും നിർദ്ദേശം പിൻവലിക്കുവാൻ നബാർഡിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## വൈദ്യുതി ബോർഡിന്റെ സ്റ്റോറുകളിൽ കെട്ടിക്കിടക്കുന്ന സാധനങ്ങൾ

24 (*203)ശ്രീമതി ശോഭനാ ജോർജ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സ്റ്റോറുകളിൽ കോടിക്കണക്കിന് രൂപയുടെ ഉപയോഗശൂന്യമായ സാധനസാമഗ്രികൾ കെട്ടിക്കിടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസി ഗവൺമെന്റിനു റിപ്പോർട്ട് നൽകുകയുണ്ടായോ; എങ്കിൽ എത്ര തുകയ്ക്കുള്ള സാമഗ്രികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനു പുറമേ വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകളിൽ ഉപയോഗയോഗ്യമായതും അല്ലാത്തതുമായ കോടിക്കണക്കിനു രൂപയുടെ വൈദ്യുതി കണക്ഷനുള്ള ഉപകരണങ്ങൾ വർഷങ്ങളായി സൂക്ഷിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങൾ വാങ്ങിക്കൂട്ടുന്നതു കൊണ്ട് ബോർഡിന് നഷ്ടം ഉണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) പർച്ചേസിലേക്കും വിതരണത്തിലേയ്ക്കും കാര്യക്ഷമത വർദ്ധിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ; എന്ന് അറിയിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ)&(ബി) ഇതു സംബന്ധിച്ച് ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. അത് പവർ സെക്രട്ടറി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സെക്ഷനാഫീസുകളിലെ ഉപയോഗശൂന്യമായ സാധനസാമഗ്രികൾ സർവ്വേ റിപ്പോർട്ട് ചെയ്ത് ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഉപയോഗയോഗ്യമായ സാധനങ്ങൾ വൈദ്യുതി കണക്ഷൻ നൽകുന്നതിനും മറ്റു അറ്റകുറ്റപണികൾ ചെയ്യുന്നതിലേക്കുമായാണ് സൂക്ഷിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങൾ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വിവിധ മേഖലകളിലേക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്ന ചുമതല ഏകോപിച്ച് ഒരു ചീഫ് എൻജിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

## വൈദ്യുതി ബോർഡിലെ പെൻഷൻ പരിഷ്കരണം

25 (*204)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈദ്യുതി ബോർഡ് പെൻഷൻകാർക്ക് സർക്കാർ പെൻഷൻകാർക്ക് അനുവദിച്ച 1997 ഫ്രെബ്രുവരി മുതലുള്ള രണ്ടാം ഗഡു ഇടക്കാല ആശ്വാസം അനുവദിക്കാൻ നടപടിയെടുക്കുമോ;

(ബി) പെൻഷൻകാർക്ക് മാർച്ച് 1997 മുതൽ ലഭിക്കേണ്ട പെൻഷൻ പരിഷ്കരണം നടപ്പിലാക്കുവാൻ നടപടിയെടുക്കുമോ;

(സി) കഴിഞ്ഞ 26 മാസങ്ങളായി പെൻഷൻ പരിഷ്കരണം മരവിപ്പിച്ചിരിക്കുന്ന സംസ്ഥാന വൈദ്യുതി ബോർഡിന്റെ നടപടി പുനഃപരിശോധിക്കുമോ;

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിന് വ്യക്തമായ പെൻഷൻ നയം ആവിഷ്കരിക്കുന്നതിന് നടപടിയെടുക്കുമോ എന്ന് അറിയിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇക്കാര്യം ബോർഡിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) സാധാരണയായി ബോർഡിൽ പെൻഷൻ പരിഷ്കരണം നടത്തുന്നത് ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചാണ്. ബോർഡിൽ ശമ്പളപരിഷ്കരണം നടപ്പാക്കാത്തതുകൊണ്ടാണ് പെൻഷൻ പരിഷ്കരണവും നടപ്പാക്കാത്തത്.

(സി) ബോർഡിൽ കഴിഞ്ഞ പെൻഷൻ പരിഷ്കരണം നടപ്പാക്കിയത് വർക്കർ വിഭാഗത്തിന് 1-6-93 മുതലും ഓഫീസർ വിഭാഗത്തിന് 1-7-93 മുതലുമാണ്. പ്രസ്തുത തീയതികൾ മുതൽ ബോർഡിൽ ശമ്പളപരിഷ്കരണം നടപ്പാക്കിയതിനെ തുടർന്നായിരുന്നു പ്രസ്തുത പെൻഷൻ പരിഷ്കരണം ബോർഡിലെ അടുത്ത ശമ്പളപരിഷ്കരണം നടത്തേണ്ടത് 1-7-98/1-8-98 മുതലാണ്. ഈ ശമ്പള പരിഷ്കരണത്തിനുള്ള ചർച്ചകൾ ഇതേവരെ തുടങ്ങിയിട്ടില്ല. ശമ്പളപരിഷ്കരണത്തോടെപ്പം പെൻഷൻ പരിഷ്ക്കരണവും നടപ്പിലാക്കുന്നതാണ്.

(ഡി) പെൻഷനും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും സംബന്ധിച്ച് സർക്കാർ നടപ്പാക്കുന്ന നിരക്കുകളും തത്വങ്ങളുമാണ് കാലാകാലങ്ങളിൽ ബോർഡു സ്വീകരിച്ചുവരുന്ന നയം. പക്ഷേ അവ നടപ്പാക്കുന്നത് ബോർഡിലെ ശമ്പളപരിഷ്കരണത്തോടനുബന്ധിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly